II ഇ.ബി. XIV - കേരള നിയമസഭ/XVI-5

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 നവംബർ 04, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

12 (*151) ശബരിമലയിലെ യുവതീ പ്രവേശന കേസിൽ സർക്കാരിന്റെ നിലപാട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, ശബരിമല യുവതീ പ്രവേശവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി തുടർന്നും നടപ്പാക്കാൻ സർക്കാർ ബാധ്യസ്ഥമാണെന്നും പ്രസ്തുത വിധിയെ മറികടന്ന് പുതിയ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നില്ലെന്നും അടുത്ത മണ്ഡല കാലത്തും വിശ്വാസികൾക്ക് സമാധാനത്തോടെ ദർശനം നടത്തുന്നതിനാവശ്യമായ സൗകര്യങ്ങളൊരുക്കുമെന്നും സഭയെ അറിയിച്ചു. ശബരിമലയിൽ യുവതീ പ്രവേശം നിരോധിച്ചുകൊണ്ട് 1991-ൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധി നടപ്പാക്കാനാണ് തുടർന്നുവന്ന

സർക്കാരുകൾ ശ്രമിച്ചത്. മേൽ വിധിയുടെ പശ്ചാത്തലത്തിൽ 13-11-2007-ൽ സുപ്രീംകോടതിയിൽ സംസ്ഥാന സർക്കാർ ഫയൽ ചെയ്ത എതിർ സത്യവാങ്മൂലത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമായ ആരാധനാ അവകാശമുണ്ടെന്ന നിലപാടാണ് സ്വീകരിച്ചതെന്നും ഈ വിഷയവുമായി ബന്ധപ്പെട്ട് ഹിന്ദുമത പണ്ഡിതന്മാരുടെയും സാമൂഹ്യ പരിഷ്കർത്താക്കളുടെയും കമ്മീഷൻ രൂപീകരിച്ച് അഭിപ്രായമാരായാൻ തീരുമാനമെടുത്തിരുന്നതായും കഴിഞ്ഞ മണ്ഡലകാലത്ത് സുപ്രീംകോടതി വിധി നടപ്പാക്കുന്നതിനെതിരെ ഒരു വിഭാഗം ആളുകൾ ശബരിമലയിൽ സംഘർഷമുണ്ടാക്കാൻ ശ്രമിച്ചെങ്കിലും ഭക്തർക്ക് ദർശനസൗകര്യമൊരുക്കാൻ സാധിച്ചുവെന്നും മുഖ്യമന്ത്രി അറിയിച്ചു. ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ വിശകലനം ചെയ്താണ് സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുള്ളത്. പുനഃപരിശോധനാ ഹർജികളിലും സുപ്രീംകോടതി വിധി നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. 2006-ൽ ഇന്ത്യൻ യംഗ് ലോയേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത കേസിലും ഹൈക്കോടതി വിധി നടപ്പാക്കാനാണ് ശ്രമിച്ചതെന്നും 2007-ലും 2016-ലും സർക്കാർ എതിർ സത്യവാങ്മൂലം സമർപ്പിച്ചിരുന്നെങ്കിലും സുപ്രീംകോടതി പരിഗണിച്ചത് 2007-ലെ സത്യവാങ്മൂലമാണെന്നും ഇതര അയ്യപ്പ ക്ഷേത്രങ്ങളിൽ സ്ത്രീകൾ

പ്രായഭേദമെന്യേ ദർശനം നടത്തുന്ന സാഹചര്യത്തിൽ ശബരിമലയിൽ പ്രവേശനം നിഷേധിക്കുന്നത് മൗലികാവകാശ ലംഘനമാണെന്നും ബഹു. സുപ്രീംകോടതി വിധിയെ ആദ്യം സ്വാഗതം ചെയ്തവരാണ് പിന്നീട് സംഘർഷാവസ്ഥ സൃഷ്ടിക്കാൻ മുൻകയ്യെടുത്തതെന്നും സ്ത്രീ ശാക്തീകരണത്തിനും സ്ത്രീ വിവേചനം അവസാനിപ്പിക്കുന്നതിനും സർക്കാർ മുൻഗണന നൽകുന്നുണ്ടെന്നും വിശ്വാസികളുടെ സംരക്ഷണം ഉറപ്പാക്കാൻ തുടർന്നും നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

13 (*152 &*162) ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഓൺലൈൻ പരാതി പരിഹാര സംവിധാനം

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) നൽകിയ മറുപടിയിൽ, 2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യധാന്യ വിതരണം സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും ഓൺലൈൻ പരാതി പരിഹാര സംവിധാനമായ 'Public Grievance Redressal Portal' 27-02-2019 മുതൽ പ്രവർത്തിച്ചു വരുന്നതായും pg.civilsupplieskerala.gov.in എന്ന വെബ്സൈറ്റ് വഴി കേരളത്തിലെവിടെനിന്നും പരാതി രേഖാമൂലമോ, ഓഡിയോ/വീഡിയോ

ആയോ സമർപ്പിക്കാൻ ഈ സംവിധാനംവഴി കഴിയുമെന്നും 28-10-2019 വരെ ലഭിച്ച 2262 പരാതികളിൽ 2131 എണ്ണം ഇതിനോടകം പരിഹരിച്ചിട്ടുണ്ടെന്നും ഇതിനു പുറമേ പൊതുവിതരണ രംഗത്തെ സംശയങ്ങളും പരാതികളും പരിഹരിക്കുന്നതിനായി 1967 എന്ന ടോൾ ഫ്രീ നമ്പർ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. 17-07-2019-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ S.R.O.No. 516/2019 വിജ്ഞാപനം മുഖേന രൂപീകൃതമായ സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ അധികാരങ്ങൾ 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2018-ലെ സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടം എന്നിവ പ്രകാരവും നിയമത്തിലെ 16-ാം വകുപ്പിലെ (6)-ാം ഉപവകുപ്പ് പ്രകാരം ചുമതലകളും നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. ഓൺലൈൻ സംവിധാനം നിലവിൽ വന്നതിനെത്തുടർന്ന് 2018-19 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് മുൻവർഷത്തെക്കാൾ വർദ്ധിക്കുകയും 55.76 കോടി രൂപ ലാഭമുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഐ.എ.വൈ. കുടുംബങ്ങൾക്കോ മുൻഗണനാ പട്ടികയിലുള്ള കുടുംബങ്ങൾക്കോ അർഹതപ്പെട്ട വിഹിതം ലഭ്യമായില്ലെങ്കിൽ അതിനുപകരം ക്ഷാമബത്ത നൽകിവരുന്നുണ്ട്. ഇതനുസരിച്ച് തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ യഥാക്രമം 2,162/- രൂപയും 834/-

രൂപയും നൽകിയിട്ടുണ്ട്. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് നടത്താൻ തീരുമാനിക്കുകയും പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം ജില്ലയിലെ ഏതാനും റേഷൻ കടകളിൽ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രോണിക് റേഷൻ കാർഡുകൾക്കാവശ്യമായ മോഡ്യൂൾ തയ്യാറാക്കാൻ എൻ.ഐ.സി.-ക്ക് നിർദ്ദേശം നൽകുകയും സഞ്ചരിക്കുന്ന റേഷൻ കടകൾ തൃശ്ശൂർ, പത്തനംതിട്ട ജില്ലകൾക്ക് പുറമെ എറണാകുളം, ഇടുക്കി, വയനാട് ജില്ലകളിൽ നടപ്പിലാക്കുന്നതുമാണ്. റേഷൻകടകളെ നവീകരിക്കുന്നതിന്റെ ഭാഗമായി റേഷൻ ഉൽപ്പന്നങ്ങൾക്കുപുറമെ ശബരി ഉൽപ്പന്നങ്ങളും വിതരണം ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. റേഷൻ സാധനങ്ങൾ വാങ്ങുന്നതിന് പ്രോക്സി സമ്പ്രദായം ഏർപ്പെടുത്തുന്നതാണെന്നും പ്രവർത്തനരഹിതമായ റേഷൻ കടകൾ സപ്ലൈകോ ഔട്ട്ലെറ്റിനോട് ചേർന്ന് നടത്തുന്ന കാര്യം ആലോചിക്കുന്നതാണെന്നും വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റേഷൻ കടകളിലെ ക്രമക്കേട് കണ്ടുപിടിക്കുന്നതിനും തടയുന്നതിനുമായി ക്യാമറ, വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. എന്നിവ ഘടിപ്പിക്കുന്നതിനും

ഇ-പോസ് മെഷീനെ വേയിംഗ് സ്കെയിലുമായി ബന്ധപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1900 മുതൽ  2278 വരെയുള്ള ചോദ്യങ്ങളിൽ 83 എണ്ണത്തിനും  ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)